# ഗവ.യു.പി.സ്കൂൾ



## മഴുക്കീർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025–2026

## ഗവ.യു.പി.സ്ക്കുൾ

## മഴുക്കീർ

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാ വിശകലനം

5. പ്രതിസന്ധികളും പരിമിതികളും

6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

7. പദ്ധതി വിശദാംശങ്ങൾ

8. ഉപസംഹാരം

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ. യു. പി. എസ്. മഴുക്കീർ |
| | വിലാസം | : | കല്ലിശ്ശേരി പി. ഒ. ,ചെങ്ങന്നൂർ |
| | ഫോൺ | : | 0479 2429436 |
| 2. | സ്കൂൾ കോഡ് | : | 36364 |
| 3. | വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| 4. | വിദ്യാഭ്യാസ ഉപജില്ല | : | ചെങ്ങന്നൂർ |
| 5. | റവന്യൂ ജില്ല | : | ആലപ്പുഴ |
| 6. | ബി. ആർ. സി. | : | ചെങ്ങന്നൂർ |
| 7. | സി. ആർ. സി. | : | ഗവ. യു. പി. എസ്. മഴുക്കീർ |
| 8. | ഗ്രാമപഞ്ചായത്ത് | : | ചെങ്ങന്നൂർ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | ചെങ്ങന്നൂർ |
| 10. | ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| 11. | നിയമസഭാ മണ്ഡലം | : | ചെങ്ങന്നൂർ |
| 12. | ലോകസഭാ മണ്ഡലം | : | മാവേലിക്കര |
| 13. | താലൂക്ക് | : | ചെങ്ങന്നൂർ |
| 14. | വില്ലേജ് | : | തിരുവൻവണ്ടൂർ |
| 15. | ഇ – മെയിൽ | : | mazhukeerups@gmail.com |

# ആമുഖം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ കിഴക്ക്ഭാഗത്ത് എം.സി. റോഡിന്റെ പടിഞ്ഞാറു വശത്തായി സ്ഥിതി ചെയ്യുന്ന സരസ്വതി ക്ഷേത്രമാണ് ഗവ. യു.പി.എസ് മഴുക്കീർ. ഏതാണ്ട് 100 വർഷത്തെ പഴക്കമുള്ള ഈ വിദ്യാലയം തദ്ദേശവാസികളുടെ ദീർഘനാളത്തെ ശ്രമഫലമായി അന്നത്തെ തിരുവിതാംകൂർ മഹാരാജാവിയിരുന്ന ശ്രീ മൂലം തിരുനാളിന്റെ നിർദ്ദേശപ്രകാരം സ്ഥാപിതമായി എന്ന് ചരിത്രരേഖകളിൽ കാണുന്നു. വിദ്യാലയത്തിന്റെ ആദ്യപേര് വടക്കേക്കര ഗവ. എൽ.പി.സ്കുൾ എന്നായിരുന്നു. ഇതിന്റെ തുടക്കം മുഴുക്കീർ സെന്റമേരീസ് കാനാനായ പള്ളിയുടെ സൺഡേ സ്കൂളിന്റെ കെട്ടിടത്തിലായിരുന്നു. വർഷങ്ങൾക്ക് ശേഷം വെട്ടുകല്ല് നിർമ്മിതമായ ഒരു ചെറിയ കെട്ടിടത്തിലേക്ക് ഈ വിദ്യാലയം ഇന്നു കാണുന്ന സ്ഥലത്ത് സ്ഥാപിതമാകുകയും യു.പി.സ്കൂളായി 1967-ൽ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. തിരുവൻവണ്ടൂർ പഞ്ചായത്ത് നിവാസികൾക്ക് പ്രാഥമികവിദ്യാഭ്യാസം നേടുവാനുള്ള ഏക സർക്കാർ വിദ്യാലയമായി ദീർഘനാൾ നിലനിന്നു വരുന്നു. ഒന്നേകാൽ ഏക്കറോളം ഭൂവിസ്തൃതിയുള്ള ഈ വിദ്യാലയം ഒരു ഹൈസ്ക്കൂളായി ഉയർത്തുന്നതിനുള്ള എല്ലാ ഭൗതിക ചുറ്റുപാടുകളും ഉണ്ട്.

2010 മുതൽ പ്രീ-പ്രൈമറി വിഭാഗം കൂടി ആരംഭിച്ചതോടെ കുട്ടികളുടെ എണ്ണത്തിൽവർദ്ധനവു വരുത്താൻ സാധിച്ചു. പ്രീ-പ്രമറി മുതൽ 7-ാം ക്ലാസ്സുവരെ വിവിധ ക്ലാസ്സുകളിലായി 197 ൽ പരം പഠിതാക്കളുണ്ട്. സമീപ സർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് നവാഗതരുടെ എണ്ണത്തിൽ ബഹുദൂരം മുന്നിലാകുവാൻ സാധിച്ചു.

പ്രൊഫ. കെ.ഒ. കുര്യാക്കോസ് കോവിലൻ (വിരമിച്ച സെന്റ്. തോമസ് കോളേജ്, റാന്നി, പ്രിൻശിപ്പാൾ), പ്രൊഫ. പി. സി. കോശി (ഇംഗ്ലീഷ് മേധാവി, സെന്റ് തോമസ് കോളേജ് ചേർത്തല) തുടങ്ങി വിവിധ ഉന്നത സ്ഥാനാങ്ങളിൽ എത്തിച്ചേർന്നിട്ടുള്ള നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. 2015-16 വർഷം ചെങ്ങന്നൂർ എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് വിദ്യാലയത്തിന് സ്വന്തമായി ഒരു ചെറിയ വാഹനം (മഹീന്ദ്ര മാസ്സിമോ) വാങ്ങുവാൻ സാധിച്ചു.

2022 - 2023 ൽ ലഭിച്ച കിച്ചൺ കം സ്റ്റോറിന്റെ പൂർത്തീകരണവും ഉദ്ഘാടനവും 2024 ൽ സാധ്യമായി 2024 ൽ തന്നെ സ്കൂളിലെ പ്രീപ്രൈമറി വിഭാഗത്തിനായി വർണ്ണകൂടാരം പദ്ധതി ലഭിക്കുകയും പൂർത്തിയാക്കി ബഹു. ഫിഷറീസ് - സംസ്കാരിക -യുവജന ക്ഷേമ വകുപ്പ് മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ വിപുലമായ ആഘോഷങ്ങളുടെയും ഉദാഘാടനം ചെയ്തത് സ്കുളിന് ഒരു വലിയ മുതൽക്കൂട്ടായി സ്കൂളിന് മികച്ച ഒരു കമ്മാനം പൂർത്തിയാക്കുന്നതിനും സാധിച്ചു.

ഇനിയുള്ള വർഷങ്ങളിൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തുന്നതിനും കുട്ടികളുടെ അക്കാദമികവും ശാരീരിക മനസിക ആരോഗ്യ വളർച്ചയിലും കൃത്യമായ ആസൂത്രണം അനിവാര്യമാണ്. ഈ ലക്ഷ്യം മുന്നോട്ട് വച്ച് ഒരദ്ധ്യായന വർഷം സ്കൂളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ അവയുടെ പ്രാധാന്യം അനുസരിച്ച് ലക്ഷ്യം വച്ച് ആസുത്രണം ചെയ്യുകയും അത് വഴി മികവോടെ മുന്നേറാൻ കഴിയുന്ന തരത്തിൽ കുട്ടികളിൽ ആത്മവിശ്വാസവും കഴിവുകളും പരിപോഷിപ്പിച്ച് ഒരു നല്ല തലമുറയെ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ അദ്ധ്യായന വർഷത്തെ മാറ്റിയെടുക്കാൻ കഴിയണം എന്നാണ് ഈ മാസ്റ്റർപ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

## അദ്ധ്യാപകരുടെ എണ്ണം

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താല്ക്കാലിക അദ്ധ്യാപകർ |
|---|---|---|---|
| എൽ.പി. | 4 | 3 | 1 |
| യു.പി. വിഭാഗം | 4 | 4 | - |
| മറ്റു ജീവനക്കാർ | ഓഫീസ് അസിസ്റ്റന്റ് | 1 | |
| | പി.ടി.സി. എം. | 1 | |

## ആകെ ക്ലാസ്സുകൾ

| ക്ലാസ്സ് | ഡിവഷൻ | കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| Pre-Primary | A | 17 | 16 | 33 |
| I | A | 5 | 6 | 11 |
| II | A | 8 | 8 | 16 |
| III | A | 2 | 10 | 12 |
| IV | A | 5 | 4 | 9 |
| V | A | 6 | 5 | 11 |
| VI | A | 6 | 8 | 14 |
| VII | A | 5 | 13 | 18 |
| **TOTAL** | | **54** | **70** | **124** |

## കുട്ടികളുടെ എണ്ണം

| 2023 - 24 | 2024 - 25 | 2025 -26 |
|---|---|---|
| 140 | 124 | |

**പൊതുലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും മലായാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും എഴു താനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
- ഓരോപ്രായഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാ ദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടി എന്നുറപ്പാക്കും.
- കുട്ടികളുടെ സർവ്വതോത്മുകമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കു ന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽക്കുട്ടാക്കും.
- സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ മതനിരപക്ഷ ജനാധി പത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതിക അവബോധം ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉളവായിട്ടുണ്ട് എന്നു റപ്പാക്കും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രാദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- ബി.ആർ.സി, ഐ.ഇ.ഡി അധ്യാപകർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷി ക്കാർക്കായുള്ള പ്രവർത്തനം ആസുത്രണം, നടപ്പിലാക്കാൻ പ്രോത്സാഹനം, പ്രഗ ത്ഭരുടെ സേവനം.

**കാഴ്ച്ചപ്പാട്**

- കേരളത്തിന്റെ സാംസാകാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവു മായ പാരസ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മുല്യങ്ങൾ ഉൾക്കൊ ണ്ട്പ്രവർത്തിക്കുന്ന ഒരു സാമൂഹം സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.
- 1–7 വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളി ലേർപ്പെടാൻ കഴിയുംവിധ സമൂഹത്തിലെ വിവിധ ഘടകങ്ങളെ എകോപിപ്പിക്കുക.
- ഓരോ അധ്യാപകന്റേയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പി ക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

- ❖ സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- ❖ കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രകിയ സാധ്യമാക്കുക.
- ❖ പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കിമാറ്റുക.
- ❖ കുട്ടിയുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.
- ❖ പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ❖ പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കാൻ.

## നിലവിലെ അവസ്ഥാവിശകലനം

### നേട്ടങ്ങൾ

2023-25 അദ്ധ്യായന വർഷങ്ങളിൽ സ്കൂൾ ആരംഭം മുതൽക്കു തന്നെ കുട്ടികൾക്ക് ഭാഷാടിസ്ഥാനത്തില്ഡ വായന മികവിന്റെ പ്രവർത്തനങ്ങൾ അമ്മവായന എന്നിങ്ങനെ വിപുലമായപരിപാടികൾ സംഘടിപ്പിച്ചു. അവ കുട്ടികൾക്ക് ക്ലാസ്സി ലൈബ്രറികൾ സജ്ജീകരിക്കാനും പുസ്തകങ്ങൾ തിരഞ്ഞെടുക്കാനും പര്യാപ്തമായി. കുട്ടിടകൾക്ക് പുസ്തകങ്ങൾ വിശകലനും ചെയ്യുന്നതിനും അവ പൊതുവേദിയിൽ അവതരിപ്പിക്കുന്നതിനുമുള്ള ആത്മവിശ്വാസം കൈവന്നു.

ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് യോഗപരിശീലനം, ചെണ്ട പരിശീലനം എന്നിവ നൽകുന്നതിലൂടെ കുട്ടികൾക്ക് മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമായി.

കല-ശാസ്ത്ര-കായിക മേളകളിൽ മികച്ച പരിശീലനം നടത്തുന്നതിനും നിരവധി കുട്ടികൾക്ക് ഉപജില്ലാതലത്തിൽമികച്ച നേട്ടങ്ഹൽ കൈവരിക്കാൻ സാധിച്ചു. ഇവ കുട്ടികൾക്ക് ആത്മവിശ്വാസം കൂട്ടുന്നതിന് സഹായമായി.

കൂടാതെ കൃഷിപരിപാലനം, ദിനാചരണങ്ങൾ, വിവിധ ആരോഗ്യപരിപാലന ക്യാമ്പുകൾ, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമായി പ്രത്യേക പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കാൻ സാധിച്ചു.

ഇതുകൂടാതെ പൊതുസമൂഹത്തിന്റെ മികവിനെ മുൻനിർത്തി നടത്തുന്ന ബോധവത്കരണ പരിപാടികൾ എന്നിവയെല്ലാം മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. പൊതുസമൂഹത്തെ സ്ക്കൂളിന്റെ വിവിധപരിപാടികളിൽ ഉൾപ്പെടുത്തി വരുന്നു.

## പ്രതിസന്ധികളും പരിമിതികളും

- കുട്ടികളുടെ പഠനോല്പന്നങ്ങൾ സൂക്ഷിക്കാനും, പ്രദർശിപ്പിക്കാനും സൗകര്യമില്ല
- വായനമുറിയില്ല
- ശാസ്ത്രലാബിനും കംബ്യൂട്ടർ ലാബിനും പ്രത്യേക മുറിയില്ല.
- ഓഫീസ്, സ്റ്റാഫ്റൂം, സാമൂഹ്യ ശാസ്ത്രലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല.
- വാഹന ഷെഡിന്റെ അപര്യാപ്തത

## ഉപസംഹാരം

കാലത്തിന്റെയും ദേശത്തിന്റയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കു സാക്ഷ്യം വഹിക്കുകയുണ്ടായി. അതായത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ്. ഭൗതിക വിദ്യാഭ്യാസത്തിന്റെ അത്യന്തികമായ പ്രയോഗിക ലക്ഷ്യം എന്നതിനാൽ കാലോചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു. മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വേണ്ടി ആരംഭിച്ച ബഹുജന പരിപാടിയായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുനനതിനും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണ് എന്നും വിദ്യാഭ്യാസത്തിന്റെ നിർവചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹത്തിനെ മൊത്തം ബോധ്യപ്പെടുത്തുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.